പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 521 | 6.7.2012 ന് മറുപടിയ്ക്ക്.

## ഐ.റ്റി.ഐ കളിൽ വെർച്ച്വൽ ക്ളാസ്സ് റൂം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. വർക്കല കഹാർ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ഐ.റ്റി.ഐ കളിൽ വെർച്ച്വൽ ക്ളാസ്സ് റൂമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആദ്യ ഘട്ടമായി സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്ചർ ക്ലാസ്സ് റൂമുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) ഇതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്; | (ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് 'വെർച്ച്വൽ ക്ളാസ്സ് റൂംസ് ' ആരംഭിക്കുന്നത്. ഒരു വിദഗ്ദ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് റൂമിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ പരിശീലന കേന്ദ്രങ്ങളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ സാധിക്കുന്നു. ഇത്തരത്തിൽ, വിദഗ്ദ പരിശീലനം ലഭ്യമാക്കുന്നതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; | (സി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KELTRON) മുഖേനയാണ് വെർചൽ ക്ലാസ്സ് റൂംസ് പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) ആദ്യഘട്ടത്തിൽ എത്ര ഐ.ടി.ഐ. കളിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) 34 ഐ.ടി.ഐ. കളിൽ ഇത് നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ